# പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5577 25.10.2011-ൽ മറുപടിയ്ക്ക്

## ടൂറിസം മേഖലയിലെ പുരോഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ആഗോള ടൂറിസം വളർച്ചാ നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ കേരളം പിന്നോക്കമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഇല്ല. |
| (ബി) കഴിഞ്ഞ വർഷം സ്വദേശികളും വിദേശികളുമായി എത്ര ടൂറിസ്റ്റുകൾ സംസ്ഥാനം സന്ദർശിക്കുകയുണ്ടായി; വിശദാംശങ്ങൾ നൽകുമോ ; | (ബി) 2010-ൽ കേരളം സന്ദർശിച്ച വിദേശ ടൂറിസ്റ്റുകളുടെ എണ്ണം 6,59,265 - ഉം ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം 85,95,075 ഉം ആണ്. |
| (സി) അതു വഴി യഥാക്രമം ലഭിച്ച വരുമാനം എത്രയെന്ന് വ്യക്തമാക്കുമോ ; | (സി) 2010-ൽ വിദേശ ടൂറിസ്റ്റുകളിൽ നിന്നും 3797.37 കോടി രൂപയും ആഭ്യന്തര ടൂറിസ്റ്റുകളിൽ നിന്നും 9282.68 കോടി രൂപയും വരുമാനം ലഭിച്ചതായി കണക്കാക്കിയിട്ടുണ്ട്. |

| | |
|---|---|
| (ഡി) ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യമില്ലായ്മയും തുടരെയുള്ള ഹർത്താലുകളും ഈ മേഖലയ്ക്ക് തിരിച്ചടിയാകുന്നുണ്ടോ ;<br><br>(ഇ) എങ്കിൽ ഇത്തരം പ്രശ്നങ്ങൾ പരി ഹരിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (ഡി) & (ഇ) ഉണ്ട്. വിനോദ സഞ്ചാരികൾക്ക് അസൗകര്യങ്ങൾ ഉണ്ടാക്കുന്ന ഹർത്താലുകളിൽ നിന്ന് ടൂറിസം മേഖലയെ ഒഴിച്ചു നിർത്തുവാൻ ടൂറിസം വകുപ്പ് രാഷ്ട്രീയ കക്ഷികളുമായും തൊഴിലാളി സംഘടനകളുമായും ചർച്ചകൾ നടത്തി അഭിപ്രായ സമന്വയം ഉണ്ടാക്കാൻ കരട് ടൂറിസം നയത്തിൽ വിവക്ഷിക്കുന്നുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതികളും പരിപാടികളും വകുപ്പ് നടപ്പിലാക്കി വരുന്നു. ഇതിനെ ശക്തിപ്പെടുത്തുന്നതിനുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങൾ പുതിയ കരടു ടൂറിസം നയത്തിലുണ്ട്. |

സെക്ഷൻ ഓഫീസർ